**വ്യക്തിപരമായ വിശദീകരണം**

ശ്രീ. ഇ. ചന്ദ്രശേഖരൻ: 2016-ലെ കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽ നിന്ന് മത്സരിച്ച് വിജയിച്ച ഞാൻ മെയ് മാസം 19-ാം തീയതി വോട്ടർമാരോട് നന്ദി പ്രകാശിപ്പിക്കാനായി തുറന്ന ജീപ്പിൽ സഞ്ചരിക്കവേ അജാനൂർ പഞ്ചായത്തിലെ മാവുങ്കാൽ എന്ന സ്ഥലത്തുവച്ച് ഒരു സംഘം ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകർ എന്നെയും എൽ.ഡി.എഫ്. പ്രവർത്തകരെയും ആക്രമിച്ച് പരിക്കേൽപ്പിക്കുകയുണ്ടായി.

എന്റെ പ്രഥമ മൊഴിയുടെ അടിസ്ഥാനത്തിൽ ഹൊസ്ദുർഗ് പോലീസ് എഫ്.ഐ.ആർ. നമ്പർ 471/16 ആയി കേസ് രജിസ്റ്റർ ചെയ്തു. IPC-143, 147, 148, 341, 323, 324, 326, 427, 307 R/W 149 ആയി കുറ്റപത്രവും നൽകി.

തുടർന്ന് ഈ കേസ് അഡീഷണൽ സെഷൻസ് ജഡ്ജ് II കാസർഗോഡ് മുമ്പാകെ SC/170/2019-ആയി വിചാരണ ചെയ്തു. ഞാൻ പോലീസിന് നൽകിയ മൊഴിക്കനുസരിച്ച് തന്നെയാണ് വിചാരണ കോടതിയിലും മൊഴി നൽകിയത്. പ്രതികളായി കോടതിയിൽ

നിൽക്കുന്നവരെല്ലാം എന്നെ ആക്രമിച്ചവരുടെ മുൻനിരയിൽ ഉണ്ടായിരുന്നതായിട്ടാണ് ഞാൻ മൊഴി കൊടുത്തത്. എന്നാൽ അന്വേഷണ ഘട്ടത്തിൽ വിവിധ സമയങ്ങളിൽ പ്രതികളെ തിരിച്ചറിഞ്ഞ് പോലീസിന് മൊഴികൊടുത്ത PW 10, PW 11, PW 12 എന്നിവർ ഉൾപ്പെടെ 4 പ്രോസിക്യൂഷൻ സാക്ഷികൾ വിചാരണയ്ക്കിടെ കൂറുമാറി. ഈ കാര്യം കോടതി വിധിന്യായത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്. പ്രതികളെ തിരിച്ചറിയേണ്ടിയിരുന്ന മേല്പറഞ്ഞ സാക്ഷികൾ കൂറുമാറിയത് കേസ്സിന് തിരിച്ചടിയായി എന്നാണ് മനസ്സിലാക്കുന്നത്.

വസ്തുത ഇതായിരിക്കെ ഈ സഭാ സമ്മേളനത്തിൽ ഫെബ്രുവരി 2-ാം തീയതി നിയമസഭയിൽ ബഹുമാനപ്പെട്ട കുറ്റ്യാടി അംഗം നയപ്രഖ്യാപനത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ കാസർഗോഡ് ജില്ലാ സെഷൻസ് കോടതി II-ൽ സാക്ഷികളെല്ലാം ഒരേ നിലയിലാണ് മൊഴി നൽകിയതെന്നും പ്രതികളെ ആരും തിരിച്ചറിയാത്തതിനാലാണ് കേസ് വിട്ടുപോയതെന്നും പറയുകയുണ്ടായി. ഇത് വസ്തുതാ വിരുദ്ധമാണ്. ഇതുസംബന്ധിച്ച് റൂൾ 288 പ്രകാരം ഞാൻ ഫെബ്രുവരി 3-ന് നൽകിയ നോട്ടീസിനുമേൽ അങ്ങ് ഇന്ന് അനുമതി

നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ വിശദീകരണം. പോലീസ് സ്റ്റേഷനിൽ വച്ച് പ്രതികളെ തിരിച്ചറിഞ്ഞ് മൊഴി കൊടുത്തവർ കോടതിയിൽ മൊഴി മാറ്റിയതാണ് പ്രതികൾക്ക് സഹായകരമായി മാറിയതെന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് വ്യക്തിപരമായി ഞാൻ വിശദീകരണം നൽകേണ്ടി വന്നത്.

<u>മി.സ്പീക്കർ</u>: നടുത്തളത്തിലിരിക്കുന്ന അംഗങ്ങൾ ശ്രദ്ധിക്കണം. ചരമോപചാരമാണ്, അന്തരിച്ച അംഗങ്ങളോടുള്ള ആദരവാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകണം.

(ബഹു.സ്പീക്കറുടെ അഭ്യർത്ഥന പ്രകാരം നടുത്തളത്തിൽ സത്യാഗ്രഹം നടത്തിക്കൊണ്ടിരുന്ന അംഗങ്ങളും മറ്റ് പ്രതിപക്ഷാംഗങ്ങളും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി)